**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**വഞ്ചിയൂർ പി ഒ, തിരുവനന്തപുരം പിൻ – 695035**

**ഫോൺ. 0471-2302490, 2303025**

**ഇ മെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ് : www.dhs.kerala.gov.in**

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം.**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ പള്ളിക്കുത്ത് സോണി നാരായണൻ, അസിസ്റ്റന്റ് സർജൻ - അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. കാരണം കാണിക്കൽ നോട്ടീസ് നമ്പർ ഇഎ4-38943/2021/ആവഡ തീയതി. 13.08.2021

2. എ6- 7126/2021/ജിമെആ കോഴിക്കോട് തീയതി. 09.06.2021

**ഉത്തരവ് നം. DHS/13961/2025-EA4 തീയതി.17-06-2025**

കോഴിക്കോട് ചെറുവണ്ണൂർ സാമൂഹികാരോഗ്യകേന്ദ്രത്തിൽ സേവനത്തിലിരിക്കവെ പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്ന ഡോ പള്ളിക്കുത്ത് സോണി നാരായണൻ (Dr Pallikkuthu Sony Narayanan, PEN 747323), അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ലെന്ന് വിലയിരുത്തുകയും 1958 ലെ കേരള സബോർഡിനേറ്റ് സർവീസസ് റൂൾസ് ഭാഗം II ചട്ടം 19 (a) (ii) പ്രകാരം പ്രൊബേഷൻ അവസാനിപ്പിക്കുന്നതിന് താത്കാലികമായി തീരുമാനിച്ച് കാരണം കാണിക്കൽ

നോട്ടീസ് ടിയാളുടെ മേൽവിലാസത്തിലേയ്ക്ക് അയക്കുകയും ചെയ്തുവെങ്കിലും അക്നോളജ്മെന്റ് കാർഡ് തിരികെ ലഭ്യമാകുകയോ മറുപടി ലഭ്യമാകുകയോ ചെയ്തിട്ടില്ല. ടി സാഹചര്യത്തിൽ ഡോ പള്ളിക്കുത്ത് സോണി നാരായണന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപായി പരാമർശം (1) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് ടിയാളുടെ അറിവിലേയ്ക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസുമായി ബന്ധപ്പെട്ട് ഡോ പള്ളിക്കുത്ത് സോണി നാരായണൻ, അസിസ്റ്റന്റ് സർജന് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ഈ നോട്ടീസ് തീയതി മുതൽ 15 ദിവസത്തിനകം ആരോഗ്യ വകുപ്പ് ഡയറക്ടറെ രേഖാമൂലം ബോധിപ്പിക്കാവുന്നതാണ്. അല്ലാത്ത പക്ഷം ഇനിയൊരറിയിപ്പ് കൂടാതെ പ്രൊബേഷൻ ആവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Signed by
Reena K J
Date: 17-06-2025 04:21:14

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Pallikkuthu Sony Narayanan**

**House No. 06/258-C, Sathram, Compound, YMCA Cross Road,**

**Calicut. Pin- 673001**

(വെബ് സൈറ്റ് മുഖാന്തരം)

പകർപ്പ്,

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
2. ഫയൽ

EA4 8/9/21

EL 62248030 SDN

രജിസ്റ്റേർഡ് തപാൽ – മടക്ക രസീത് സഹിതം

നം. ഇ.എ 4–38943/2021/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം തീയതി :13.08.2021

## കാരണം കാണിക്കൽ നോട്ടീസ്

ഡോ. പള്ളിക്കുത്ത് സോണി നാരായണൻ എന്ന താങ്കൾ ചെറുവണ്ണൂർ സി.എച്ച്.സി യിൽ അസിസ്റ്റന്റ് സർജനായിരിക്കെ 22.03.2021 മുതൽ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്നതായി കോഴിക്കോട് ജില്ലാ മെഡിക്കൽ ആഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. 30.03.2015 ൽ സർവ്വീസിൽ പ്രവേശിച്ച താങ്കൾ പ്രൊബേഷണറാണ്.

ആയതിനാൽ താങ്കൾ പ്രൊബേഷൻ കാലാവധിക്കുള്ളിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതിനാൽ 1958 ലെ കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും, സർവ്വീസിൽ നിന്നും നീക്കം ചെയ്യാനും താൽക്കാലികമായി തീരുമാനിക്കുന്നു.

ടി തീരുമാനത്തിന് എതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. തൽസംബന്ധമായ വാദപ്രതിവാദ പത്രികയോ, വിശദീകരണമോ താങ്കളിൽ നിന്നും ടി കാലയളവിനുള്ളിൽ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

13/8/2021

ഡോ. വി. മീനാക്ഷി
ആരോഗ്യവകുപ്പ് ഡയറക്ടർ I/C

സ്വീകർത്താവ്
Dr. Pallikkuthu Sony Narayanan, House No. 6/258-C, Sathram Compound, YMCA, Cross road Calicut – 673 001. (രണ്ട് പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഒരു പകർപ്പ് താങ്കൾ ഈ നോട്ടീസ് കൈപ്പറ്റിയതായി രേഖപ്പെടുത്തി താങ്കളുടെ കയ്യൊപ്പോടു കൂടി തീയതി സഹിതം മടക്കി അയക്കേണ്ടതാണ്.)

പകർപ്പ്:-
1) ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കോഴിക്കോട്
2) അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം.
3) മെഡിക്കൽ ഓഫീസർ I/C, സി.എച്ച്.സി ചെറുവണ്ണൂർ.
4) ഇ.സി/ഇ.എ/ഇ.ബി സെക്ഷനുകൾ (അറിവിലേക്കായി)
5) ഫയൽ/സ്റ്റോക്ക് ഫയൽ

റ്റി.എസ് 18/08/2021